# THE VOICE

NOVEMBER 2016

## OF C.S.I. CHRIST CHURCH
## KODUKULANJI



# ദ്വിശതാബ്ദി ആഘോഷം

**2016-ലെ കുറിവാക്യം**

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു.

വെളിപ്പാട് – 21:1

website: www.csichristchurch.net

## Vicar



Rev. Sam Mathew K.
Christ Church Parsonage
Kodukulanji P.O.
Chengannur- 689 508
Phone: 0479 2369223 (M): 9207626959
7506453287
email:smkavungal@hotmail.com

## Senior Presbyters

Rev. Chandy Jose 2369960
Rev. Abraham Kuruvilla 9497686517

## Church Wardens

| | |
|---|---|
| Mr. Chandy C. George | 9496912157 |
| Mr. Koshy Varghese | 9633875090 |

## Church Secretary

| | |
|---|---|
| Mr. Joseph John | 9447597521 |

## Church Committee Members

| | |
|---|---|
| Mrs. Cicily Alexander | 9447438675 |
| Mrs. Elsa Thomas | 9446629780 |
| Mr. A.J. George | 9400140489 |
| Mr. Ninan Benny Varghese | 9447896063 |
| Mr. Ninan Samuel | 9447908751 |
| Mrs. Ponnamma Idiculla | 9447709715 |

## Diocesan Council Members

| | |
|---|---|
| Mr. Cherian George | 9446715171 |
| Prof. George Jacob | 9847617700 |
| Mr. John Philip | 9496333353 |
| Dr. Gigy Sara George | 9847302128 |
| Mr. Sunil Jacob John | 0479 2352481 |

## Church Sextons

| | |
|---|---|
| Mr. M.M. Mathai | 9447949024 |
| Mr. D.K. Thomas | 8547283822 |

# THE VOICE

## November 2016

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

**Editorial Board**

Rev. Sam Mathew K.
(Chief Editor)

Mr. Chandy C. George

Mr. Cherian George

Mr. Joseph K. John

Mr. Koshy Varghese

## ഇടവകപ്പട്ടക്കാരന്റെ കത്ത് .......

കർത്താവിൽ പ്രിയരെ,

സഭാ കലണ്ടറിലെ വളരെ പ്രധാനപ്പെട്ട 2 മാസങ്ങളിലേക്ക് നാം കടന്നു വരികയാണ്. നവംബർ 11,12,13 തീയതികളിൽ ദ്വിശതാബ്ദി സമാപന റാലിയും പൊതുസമ്മേളനവും ഇതര പരിപാടികളും ക്രമീകരിച്ചിരിക്കുകയാണ്. റാലിയിലും പൊതു സമ്മേളനത്തിലും നിങ്ങൾ ഏവരും ആത്മാർത്ഥമായി പങ്കെടുക്കണമെന്ന് ആദ്യം തന്നെ അഭ്യർത്ഥിക്കുകയാണ്. ഈ വർഷം മഹായിടവക കൗൺസിൽ സമ്മേളനം ഡിസംബർ 2,3 തീയതികളിൽ നടത്തപ്പെടുന്നതിനാൽ നമ്മുടെ ആദ്യഫലപ്പെരുന്നാൾ നവംബർ 25,26 (വെള്ളി, ശനി) തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.

ആദ്യഫലപെരുന്നാൾ ഒരു വലിയ സ്തോത്രാർപ്പണമാണ്. വേദപുസ്തകത്തിൽ ഇതിനോടനുബന്ധിച്ച് അനേക ചിന്തകൾ കാണുവാൻ സാധിക്കും. അവയിൽ ചിലത് ഇവിടെ എഴുതുന്നത് അർത്ഥപൂർണ്ണമായി ആദ്യഫലപെരുന്നാൾ ആചരിക്കുവാൻ നമ്മെ സഹായിക്കും എന്ന് കരുതുന്നു

ആദ്യഫലപെരുന്നാൾ നമ്മെ ചില കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു...

**1) ദൈവീക അനുഗ്രഹങ്ങൾ (സങ്കീ 115:11-13)**

യഹോവ ഭക്തന്മാരായ ചെറിയവരേയും വലിയവരേയും അനുഗ്രഹിക്കും (13) യഹോവയാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ ആകുന്നു. (15).ആദ്യഫലപെരുന്നാൾ ദൈവം നൽകിയ നന്മകളെ ഓർക്കുവാനുള്ള അവസരമാണ്. ദൈവീക നന്മകളെ അനുഭവിച്ചവരായ നാം ദൈവസന്നിധിയിൽ സ്തോത്രാർപ്പണം നടത്തുവാൻ കടപ്പെട്ടവരാണ്.

**2) ദൈവിക വിശ്വസ്തത (ഉല്പത്തി 8:21-22)**

ഈ വേദഭാഗത്ത് ദൈവം നൽകുന്ന വാഗ്ദാനമാണ് ഞാൻ ഇനി ഭൂമിയെ നശിപ്പിക്കുകയില്ല; അനുഗ്രഹിക്കും നമുക്ക് ലഭിച്ചിരിക്കുന്ന ഈ ഭൂപ്രദേശം, കാലാവസ്ഥ, കൃഷി ചെയ്യുവാനുള്ള ആരോഗ്യം എല്ലാം ദൈവത്തിന്റെ വിസ്വസ്തതയുടെ അടയാളമാണ്.

**3) ദൈവീക സന്തോഷം (യെശ 9:3)**

സന്തോഷം ദൈവ ദാനമാണ്. യെശയ്യാവ് ഓർപ്പിക്കുന്നത് കൊയ്ത്തുകാലത്തിലെപോലെ സന്തോഷം നൽകുന്ന ദൈവത്തെക്കുറിച്ചാണ്.

ആദ്യഫലപെരുന്നാൾ ദൈവം നമുക്ക് നൽകിയ അനുഗ്രഹങ്ങൾക്കും ദൈവീക വിശ്വസ്തതയ്ക്കും ദൈവം നൽകിയ അളവില്ലാ നന്മയ്ക്കും സന്തോഷത്തിനും നന്ദി അർപ്പിക്കുന്ന അവസരമാണ്. കഴിഞ്ഞ ഒരു വർഷം ഒരു നന്മയും ലഭിച്ചില്ല എന്നു പറയുവാൻ ആർക്കും സാധിക്കില്ല. അതുകൊണ്ട് ഈ വർഷത്തെ നമ്മുടെ ആദ്യഫല കവർ സമർപ്പണത്തിലും ലേല സാധനങ്ങൾ നൽകുന്നതിലും ലേലം വിളിക്കുന്നതിലും എല്ലാം ദൈവത്തോടുള്ള നന്ദി വെളിപ്പെടട്ടെ.

ഈ ചിന്തകൾ മനസ്സിൽ ഓർക്കുകയും അർത്ഥപൂർണ്ണമായും സന്തോഷത്തോടെയും ഈ വർഷത്തെ ആദ്യഫലപെരുന്നാൾ ആഘോഷിക്കുവാനും ആചരിക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ.

നിങ്ങൾക്കേവർക്കും ദൈവീകാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്

പ്രാർത്ഥനയോടെ,

**റവ. സാം മാത്യു അച്ചൻ**

(ഇടവക പട്ടക്കാരൻ)

## വാർത്തകളും കുറിപ്പുകളും

**പ്രതിവാര ആരാധനകളും യോഗങ്ങളും**

| | | | |
|---|---|---|---|
| 6-11-2016 | സണ്ടേസ്കൂൾ ഞായർ വി.സംസർഗ്ഗം | കുതിരവട്ടം | 7.30 എ.എം. |
| | | കോടുകുളഞ്ഞി | 10.00എ.എം. |
| 13-11-2016 | ഞായർ വി.സംസർഗ്ഗം | കോടുകുളഞ്ഞി | 10.00എ.എം. |
| 20-11-2016 | ഞായർ വി.സംസർഗ്ഗം | കോടുകുളഞ്ഞി | 10.00 എ.എം. |
| 26-11-2016 | ശനി ആദ്യഫലപെരുന്നാൾ ആരാധന | കോടുകുളഞ്ഞി | 8.00 എ.എം. |
| 27-11-2016 | ഞായർ വി.സംസർഗ്ഗം | ചാപ്പൽ | 7.30 എ.എം |
| | | കോടുകുളഞ്ഞി | 10.00 എ.എം |

**വിശുദ്ധസംസർഗ്ഗം:-** വാർദ്ധക്യത്തിലായിരിക്കുന്ന മാതാപിതാക്കൾക്കും രോഗികൾക്കുമുള്ള വിശുദ്ധ സംസർഗ്ഗ ശുശ്രൂഷ നവംബർ 12 ശനിയാഴ്ച രാവിലെ 7.30ന് നടത്തപ്പെടുന്നതാണ്.

**ചരമം:-** ആര്യാട്ട് ഗ്രേസ് വില്ല ജേക്കബ് ജോൺ (86) ഒക്ടോബർ 23-ാം തീയതി കർത്തൃസന്നിധിയിലേക്ക് പ്രവേശിച്ചു. പ്രിയ കുടുംബാംഗങ്ങളോട് ഇടവകയുടെ അനുശോചനം അറിയിക്കുന്നു.

**സണ്ടേസ്കൂൾ ഞായർ:-** അഖിലലോക സണ്ടേസ്കൂൾ ഞായർ നവംബർ 6-ാം തീയതി ഞായറാഴ്ച ആചരിക്കുന്നതാണ്. ആരാധനയ്ക്ക് മുമ്പായി കുട്ടികളുടെ റാലിയും മറ്റു പ്രോഗ്രാമുകളും നടത്തപ്പെടുന്നതാണ്. ആരാധനയ്ക്ക് സണ്ടേസ്കൂൾ കുട്ടികളും അദ്ധ്യാപകരും നേതൃത്വം നൽകുന്നതായിരിക്കും.

**പെൺശിശു ഞായർ:-** നവംബർ 20 ഞായർ പെൺശിഷു ഞായർ ആയി ആചരിക്കപ്പെടുന്നതാണ്. ആരാധനയ്ക്ക് പെൺകുട്ടികൾ നേതൃത്വം നൽകുന്നതായിരിക്കും.

**ആദ്യഫലപെരുന്നാൾ:-** ഈ വർഷത്തെ നമ്മുടെ ആദ്യഫല പെരുന്നാൾ നവംബർ 25, 26 തീയതികളിൽ പതിവുപോലെ നടത്തപ്പെടുന്നതാണ്. 25 വെള്ളിയാഴ്ച ആദ്യഫല ശേഖരണവും 26 ശനി രാവിലെ ആരാധനയും തുടർന്ന് ലേലവും നടത്തപ്പെടുന്നതാണ്. 5 ലക്ഷം രൂപ ലക്ഷ്യമിടുന്ന ഈ വർഷത്തെ ആദ്യഫല പെരുന്നാളിൽ സ്തോത്രദാനം അർപ്പിച്ചും ആദ്യഫല ലേല സാധനങ്ങൾ നൽകിയും ആദ്യഫല ലേല സാധനങ്ങൾ ലേലം വിളിച്ചും എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് വിനയപൂർവ്വം ഓർപ്പിക്കുന്നു.

**കൺവൻഷൻ:-** വൈ.എം.സി.എ. കൺവൻഷൻ നവംബർ 18,19 തീയതികളിൽ നമ്മുടെ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്.

**സണ്ടേസ്കൂൾ:-** സണ്ടേസ്കൂൾ വാർഷിക പരീക്ഷ നവംബർ 27-ാം തീയതി നടത്തപ്പെടുന്നതാണ്. (2.30 പി.എം.) 60% കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് മെറിറ്റ് പരീക്ഷ എഴുതുവാൻ സാധിക്കും. മെറിറ്റ് പരീക്ഷ 2017 ജനുവരി 1-ാം തീയതി ഞായറാഴ്ച 2.പി.എം. നടത്തപ്പെടുന്നതാണ്.

**ദ്വിശതാബ്ദി സമാപനം:-** ദ്വിശതാബ്ദി ആഘോഷങ്ങളുടെ സമാപനം നവംബർ 11, 12, 13 തീയതികളിൽ നടത്തപ്പെടുന്നതാണ്. 12ന് 9.30 എ.എം.ന് ബസുകൾ കോടുകുളഞ്ഞിയിൽ നിന്നും പുറപ്പെടുന്നതാണ്. എല്ലാവരും റാലിയിലും പൊതുസമ്മേളനത്തിലും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## സ്ത്രീജനസഖ്യം

രസ്ഗന എന്ന വളർത്തുപുത്രിയുടെ സന്ധിപ്പിനും ബഥേൽദിന സംഭാവനയ്ക്കുമായി പ്രത്യേക പിരിവുകൾ നടന്നു വരുന്നു. നവംബർ 12-ാം തീയതി ദ്വിശതാബ്ദി മഹാസംഗമത്തിൽ പങ്കെടുക്കുന്നതിന് സഖ്യാംഗങ്ങൾ താല്പര്യപൂർവ്വം പങ്കെടുക്കുമല്ലോ.

18-10-2016 ചൊവ്വാഴ്ച ഒന്നാം പ്രാർത്ഥനഭാഗം പള്ളത്തുകിഴക്ക് ഉഷസ്സ് ഭവനത്തിൽ ശ്രീമതി ഷേർളി വർഗീസിന്റെ ഭവനത്തിൽ പ്രാർത്ഥന നടത്തി.

**നവംബർ മാസത്തിലെ പ്രാർത്ഥനകൾ**

8-11-2016 ഭവന സന്ദർശനം രാവിലെ 10 മണി

15-11-2016 ചൊവ്വാഴ്ച 2.30ന് പ്രാർത്ഥന - പൂമൂട്ടിൽ

ശ്രീമതി കുഞ്ഞുകുഞ്ഞമ്മ വർഗീസിന്റെ ഭവനത്തിൽ പ്രാർത്ഥന ഭാഗം15

22-11-2016 ചൊവ്വാഴ്ച 2.30ന് കൊച്ചുപ്ലാവുനില്ക്കുന്നതിൽ

ശ്രീമതി ഗ്രേസി തോമസിന്റെ ഭവനത്തിൽ പ്രാർത്ഥന ഭാഗം 3

29-11-2016 ചൊവ്വാഴ്ച 2.30ന് ചിറയിൽ പറമ്പിൽ

ശ്രീമതി അന്നമ്മ ഏബ്രഹാമിന്റെ ഭവനത്തിൽ പ്രാർത്ഥന ഭാഗം 1

## ആത്മായ സംഘടന

"നീ എനിക്ക് ഉത്തരമരുളി എന്റെ രക്ഷയായി തീർന്നിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യും." സങ്കീ118:21

ആത്മായസംഘടനയുടെ ഒക്ടോബർ മാസത്തിലെ യോഗം 9-ാം തീയതി ആരാധനയ്ക്ക് ശേഷം പാരീഷ് ഹാളിൽ വെച്ച് നടത്തപ്പെട്ടു. വളരെ ചുരുക്കം ആളുകൾ മാത്രമേ പങ്കെടുത്തുള്ളു എന്ന് ഖേദത്തോടെ അറിയിക്കുന്നു. മീറ്റിങ്ങിൽ പങ്കെടുക്കുവാനും പ്രാർത്ഥിക്കുവാനും എല്ലാവരും ഉത്സാഹിക്കണമെ. ഒക്ടോബർ 1-ാം തീയതി കഞ്ഞിക്കുഴിയിൽ നടത്തപ്പെട്ട ആത്മായ സംഘടന വാർഷിക സമ്മേളനത്തിൽ നമ്മുടെ ഇടവകയിൽ നിന്നും 7 പേർ പങ്കെടുത്തു. പ്രത്യേക നന്ദി അറിയിക്കുന്നു.

ഒക്ടോബർ 8-ാം തീയതി കൊഴുവല്ലൂർ ദേവാലയത്തിൽ നടത്തപ്പെട്ട ജില്ലാകൂട്ടായ്മയിൽ 4 പേർ പങ്കെടുത്തു, നന്ദി അറിയിക്കുന്നു. പുതിയ വർഷത്തെ അംഗത്വഫീസ് നൽകി സഹകരിക്കുകയും പുതുതായി അംഗങ്ങൾ ആത്മായ സംഘടനയിൽ ചേർന്ന് പ്രവർത്തിക്കുവാൻ തയ്യാറായി മുമ്പോട്ടുവരണമെന്നും പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

ആത്മായ സംഘടനയ്ക്കു വേണ്ടി

ഇട്ടി ചെറിയാൻ *(സെക്രട്ടറി)*

## ബാലപംക്തി

വനരാജൻ സിംഹം ഒരു ദിവസം നല്ല ഉറക്കത്തിലായിരുന്നു. അപ്പോൾ ഇതൊന്നുമറിയാതെ കളിച്ചുതിമർത്തു വന്ന ഡിങ്കു എന്ന എലിക്കുഞ്ഞ് സിംഹരാജന്റെ പുറത്തു കയറിയിറങ്ങി കളിച്ചു തുടങ്ങി. സിംഹത്തിന്റെ രോമങ്ങൾക്കിടയിലൂടെ തെന്നി മറിഞ്ഞത് ഡിങ്കുവിന് നന്നായി രസിച്ചു. എന്നാൽ ഈ കളി നല്ല ഉറക്കത്തിലായിരുന്ന സിംഹരാജനെ ഉണർത്തി.

ഉറക്കം നഷ്ടപ്പെട്ട ദേഷ്യത്തിൽ രാജസിംഹം ഡിങ്കു എലിയെ ചാടിപിടിച്ച് കടിച്ചുകീറുവാൻ ഭാവിച്ചു. ഭയന്നുപോയ ഡിങ്കു ഉറക്കെ നിലവിളിച്ചു . പറഞ്ഞു, പ്രഭോ പൊറുക്കണം... ഞാനിനി ആവർത്തിക്കില്ല.. ചിലപ്പോൾ എന്നെക്കൊണ്ട് താങ്കൾക്ക് നാളെ പ്രയോജനം വന്നേക്കാം.

ഹ..ഹ..ഹാ. സിംഹരാജൻ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു, നീ എന്നെ സഹായിക്കുമെന്നോ... പോടാ എലിക്കുഞ്ഞേ... നിന്റെ സഹായമൊന്നും വേണ്ട. ശല്യപ്പെടുത്താതെ പോയ്ക്കോ... സിംഹരാജൻ അവനെ വെറുതേവിട്ടു.. ചില ദിസങ്ങൾ കഴിഞ്ഞു ഒരു പ്രഭാതത്തിൽ സിംഹരാജന്റെ വലിയ നിലവിള കേട്ട് ഡിങ്കു എലി ഞെട്ടി ഉണർന്നു. എന്താണ് ശബ്ദമെന്നറിയുവാൻ വന്ന ഡിങ്കു കണ്ടത് തലേ രാത്രിയിൽ വേട്ടക്കാർ ഒരുക്കിയ വലയിൽ കുരുങ്ങിക്കിടക്കുന്ന സിംഹ രാജനെയാണ്. ഡിങ്കു എലി വേഗം ചെന്ന് വലകൾ തന്റെ മൂർച്ചയേറിയ പല്ലുകൾകൊണ്ട് കടിച്ചുമുറിച്ച് സിംഹരാജനെ രക്ഷിച്ചു.

സിംഹം തല താഴ്ത്തി മടങ്ങുമ്പോൾ ഓർത്തു.... അന്ന് ഡിങ്കു എലിക്കുഞ്ഞിനെ താൻ വെറുതെ വിട്ടില്ലായിരുന്നുവെങ്കിൽ ഇന്ന് എന്താകുമായിരുന്നു എന്ന്. കൂട്ടുകാരെ നമ്മുടെ ചെറിയ ദാനങ്ങൾ വലിയ നന്മകൾ നമുക്ക് തരും, മറക്കരുത്.

**നവംബർ മാസത്തെ പ്രധാന പരിപാടികൾ**

11 വെള്ളി- ദ്വിശതാബ്ദി കലാസന്ധ്യ- കോട്ടയം

12 ശനി- റാലി, പൊതുസമ്മേളനം - കോട്ടയം

13 ഞായർ- ദ്വിശതാബ്ദി സ്തോത്രശുശ്രൂഷ

27 ഞായർ- സണ്ടേസ്കൂൾ പരീക്ഷ

**പ്രീമാരിറ്റൽ കൗൺസിലിങ്**

നവംബർ 3- 5 റിട്രീറ്റ് സെന്റർ കോട്ടയം

15-17 ഇക്കോ സ്പിരിറ്റ്വാലിറ്റി സെന്റർ ഓതറ

ഫോൺ: 0481 2566374, 9605649146, 9497587030

## 2016 നവംബർ മാസത്തെ പഞ്ചാംഗം

**06 11 2016** **പെന്തക്കോസ്തിനു പിമ്പ് 25-ാം ഞായർ**
അഖിലലോക സണ്ടേസ്കൂൾ ദിനം
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.30 ന്
ന്യായ 13:1-14 എഫേ. 6:1-4
സങ്കീ. 119: 9-16 ലൂക്കോ 1:57-66

**13 11 2016** **പെന്തക്കോസ്തിനു പിമ്പ് 26-ാം ഞായർ**
ഐക്യ ഞായർ- മുന്തിരിവള്ളിയും കൊമ്പുകളും
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.30 ന്
യെഹ 37:15-23 1കൊരി. 12:12-27
സങ്കീ.133 യോഹ.15:1-8

**20 11 2016** **പെന്തക്കോസ്തിനു പിമ്പ് 27-ാം ഞായർ**
പെൺശിശു ഞായർ-പെൺശിശുവിന്റെ പ്രാധാന്യം
അംഗീകരിക്കുക
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.30 ന്
സംഖ്യ 27:1-11 അ.പ്ര. 21:7-14
സങ്കീ.71:1-12 മർക്കോ. 5:35-43

**26 11 2016** **ആദ്യഫലപെരുന്നാൾ**
ആവ. 26:1-11 2 കൊരി. 9:6-15
സങ്കീ. 65 ലൂക്കോ. 21:1-4

**27 11 2016** **ആഗമന ഞായർ**
ദൈവീക വാഗ്ദാനങ്ങളുടെ ആഘോഷം
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.30 ന്
1 ശമു 2:1-10 എബ്രാ. 11:29-40
സങ്കീ. 66 ലൂക്കോ. 1:39-45

**04 12 2016** **ആഗമനത്തിൽ 2-ാം ഞായർ**
വേദപുസ്തക ഞായർ- ദൈവ വചനം
ഇരുവായ്ത്തലയുള്ള വാൾ
ആരാധന, വിശുദ്ധ സംസ്സർഗം രാവിലെ 10.30 ന്
യിര 36:1-10 എബ്രാ. 4:11-13
സങ്കീ.119:89-96 ലൂക്കോ. 1:5-17